## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1164

13.6.2013- ൽ
മറുപടിക്ക്

## കയർതൊഴിലാളികളുടെ പുനരധിവാസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) വിവിധ കാരണങ്ങളാൽ തൊഴിൽ നഷ്ടപ്പെട്ട കയർ തൊഴിലാളി കളെ പുനരധിവസിപ്പിക്കാൻ എന്തെ - ങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ; | (എ) കയർമേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് അവരുടെ തൊഴിൽ ദിനങ്ങൾക്കനുസരിച്ച് ന്യായമായ വരുമാനം ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പിന്റെ സഹായത്തോടെ വരുമാനം ഉറപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം കയർ പിരി തൊഴിലാളികളുടെ മിനിമം കൂലി 150/- രൂപയിൽ നിന്നും 210/- രൂപയായും 01/05/2013 മുതൽ 260/- രൂപയായും ഉൽപ്പന്നമേഖലയിലെ കുറഞ്ഞ കൂലി 200/- ൽ നിന്നും 285/- രൂപയായും 01/03/2013 മുതൽ 360/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>സംഘങ്ങൾക്ക് നൽകിയിരുന്ന പ്രവർത്തന മൂലധന ഗ്രാന്റിന്റെ പരിധി |

| | |
|---|---|
| | മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്ക് 7.5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായും മറ്റു സംഘങ്ങൾക്ക് 5.00 ലക്ഷത്തിൽ നിന്നും 7.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു. 2011-12 വർഷത്തിൽ 388 സംഘങ്ങൾക്ക് 9,54,73,406/- രൂപയും 2011-12 വർഷത്തിൽ 440 സംഘങ്ങൾക്ക് 8,96,92,648/- രൂപയും ഈ വർഷം ഈ ഇനത്തിൽ 76 സംഘങ്ങൾക്ക് 1,40,25,260/- രൂപയും അനുവദിച്ചിട്ടുണ്ട്. തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. തൊണ്ട് സംഭരണം ശക്തമാക്കുവാൻ കയർപിരി സംഘങ്ങൾക്ക് 1,00,000/- രൂപ വരെ റിവോൾവിംഗ് ഫണ്ട് നൽകിയും പച്ചത്തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് 10 പൈസയിൽ നിന്നും 15 പൈസയായും ഉണക്കത്തൊണ്ടിന് നൽകി-യിരുന്ന ഇൻസെന്റീവ് 7.5 പൈസയിൽ നിന്നും 10 പൈസയായും വർദ്ധിപ്പിച്ചു. തൊണ്ടു സംഭരിക്കുന്ന അംഗത്തിന് നൽകിയിരുന്ന പ്രതിദിനബത്ത 100/- രൂപയിൽ നിന്നും 150/- രൂപയായി വർദ്ധിപ്പിച്ചു. |
| (ബി)കയർതൊഴിലാളികളുടെ പ്രതിദിന വേതനം 260 രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) കയർപിരി തൊഴിലാളികളുടെ പ്രതിദിന വേതനം 01/05/2013 മുതൽ 210/- രൂപയിൽ നിന്നും 260/- രൂപയായും ഉൽപ്പന്നമേഖലയിലെ കുറഞ്ഞകൂലി 01/03/2013 മുതൽ 285/- രൂപയിൽ നിന്നും 360/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) കയർ തൊഴിലാളികളുടെ പെൻഷൻ 1000 രൂപയായി വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ ; | (സി) കയർ തൊഴിലാളികളുടെ പെൻഷൻ 01/04/2013 മുതൽ 500/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പെൻഷൻ തുക 1000 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) കയർ ഉല്പന്ന നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തു പരിഹാര മാർഗ്ഗങ്ങളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (ഡി)കയർ ഉൽപ്പന്ന ഉൽപ്പാദന രംഗത്ത് ഉണ്ടായിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി ഈ രംഗത്തുള്ള ചെറുകിട കയർ ഫാക്ടറി ഉടമകളുടെ സംഘടനകളും തൊഴിലാളി സംഘടനകളും ബഹു. റവന്യൂ - <br><br> കയർ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 27/02/13 ന് ചർച്ച നടത്തിയിരുന്നു. അതുപ്രകാരം ഉൽപ്പന്ന നിർമ്മാണ മേഖലയിലെ കുറഞ്ഞകൂലി 01/03/13 മുതൽ 285/- രൂപയിൽ നിന്നും 360/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ 01/03/13 മുതൽ കയർ ഉൽപ്പന്നങ്ങളുടെ വില പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. <br><br> കയർ ഉൽപ്പന്നങ്ങളുടെ ഉത്പാദനക്ഷമതയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ (KSPC) ചുമതലപ്പെടുത്തിയിരുന്നു. KSPC യുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അതു പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ